ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

dtekerala@gmail.com
0471 2561307

**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - അക്കാഡമിക് (എ) സെക്ഷൻ - വ്യവസായ സ്കൂളുകൾ - ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെൻ്റ് ടെക്നോളജി - അദ്ധ്യാപകർക്ക്- 2024- 2025 വർഷത്തെ ഫെസ്റ്റിവൽ അലവൻസ് - അനുവദിച്ച് - ഉത്തരവാകുന്നു..

---

**അക്കാദമിക് (എ) വിഭാഗം**

**നം. DTETVM/8394/2024-C3 (ACA)** **തിരുവനന്തപുരം, തീയതി : 16-11-2024**

---

വായന :-
1. 06.09.2024 ലെ സ.ഉ (അച്ചടി) നം.78/2024/ധന നമ്പർ സർക്കാർ ഉത്തരവ്.
2. ഈ കാര്യാലയത്തിൽ നിന്നുള്ള 29.09.2024 ലെ ഇതേ നമ്പർ സർക്കുലർ.
3. ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെൻ്റ് ടെക്നോളജി സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ അപേക്ഷകൾ.

**<u>ഉത്തരവ്</u>**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഫാഷൻ ഡിസൈനിംഗ് ആൻ്റ് ഗാർമെൻ്റ് ടെക്നോളജി സ്ഥാപനങ്ങളിലെ ഒരു അദ്ധ്യാപകന് 1100 രൂപാ ഫെസ്റ്റിവൽ അലവൻസ് വായന (1) പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. വായന (2) പ്രകാരം ഫെസ്റ്റിവൽ അലവൻസിന് ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി സ്ഥാപനം സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചതിൽ, വായന (1) സർക്കാർ ഉത്തരവ് പ്രകാരം ഫെസ്റ്റിവൽ അലവൻസ് അനുവദിക്കാവുന്നതായി കാണുന്നു.

മേൽ സാഹചര്യത്തിൽ ഫാഷൻ ഡിസൈനിംഗ് ആൻ്റ് ഗാർമെൻ്റ് ടെക്നോളജി സ്ഥാപനങ്ങൾക്ക് ഫെസ്റ്റിവൽ അലവൻസ് ഇനത്തിൽ അനുവദിച്ച തുകയായ 35,200/- രൂപാ (മുപ്പത്തയ്യായിരത്തി ഇരുനൂറ് രൂപാ മാത്രം) അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന സ്ഥാപനങ്ങൾക്ക് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഈ ഇനത്തിലുള്ള തുക 2203 - 0010495-31 Industrial School Grant - in Aid - Non - Plan എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്. അക്കൗണ്ട്സ് വിഭാഗം, 35200 /- രൂപാ (മുപ്പത്തയ്യായിരത്തി ഇരുനൂറ് രൂപാ മാത്രം) ട്രഷറിയിൽ നിന്നും മാറി അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിൽപ്പെടുന്ന സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനങ്ങളുടെ മാനേജർമാർ, അനുബന്ധ പട്ടിക പ്രകാരം തങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ ലഭിക്കുന്ന തുക ബന്ധപ്പെട്ട അർഹരായ അദ്ധ്യാപകർക്ക് വിതരണം ചെയ്യേണ്ടതും അവയുടെ അക്വിറ്റൻസ് സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതുമാണ്

SHALIJ P R
DIRECTOR

സ്വീകർത്താവ്,

1. ബന്ധപ്പെട്ട എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സൂപ്രണ്ട്, അക്കൗണ്ട്സ് വിഭാഗം.
3. സൂപ്രണ്ട്, ഫിൻ എ വിഭാഗം.

Signed by
Shalij P R
Date: 16-11-2024 12:23:25